**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 394** — **28-06-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് ബാധ തടയുവാനും പ്രതിരോധ വാക്സിൻ ഉൾപ്പെടെയുള്ള ചികിത്സ ഉറപ്പാക്കാനുമായി കോവിഡ് ആരംഭിച്ചത് മുതൽ ഓരോ സാമ്പത്തിക വർഷവും സർക്കാർ ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കോവിഡ് ബാധ തടയുവാനും പ്രതിരോധ വാക്സിൻ ഉൾപ്പെടെയുള്ള ചികിത്സ ഉറപ്പാക്കാനുമായി കോവിഡ് ആരംഭിച്ചത് മുതൽ ഓരോ സാമ്പത്തിക വർഷവും സർക്കാർ ചെലവാക്കിയ തുക സംബന്ധിച്ച് ലഭ്യമായ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**<br><br>സംസ്ഥാനത്ത് കോവിഡ് ബാധ തടയുവാനും പ്രതിരോധ വാക്സിൻ ഉൾപ്പെടെയുള്ള ചികിത്സ ഉറപ്പാക്കാനുമായി കോവിഡ് ആരംഭിച്ചതു മുതൽ ഓരോ സാമ്പത്തിക വർഷവും നാഷണൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നിവ മുഖേന ചെലവാക്കിയ തുക ചുവടെ ചേർക്കുന്നു.<br><br>**നാഷണൽ ഹെൽത്ത് മിഷൻ** |

| | 2019-20 (Rs. In Crores) | 2020-21 (Rs. In crores) | 2021-22 (Rs. In crores) | ആകെ (Rs. In Crores) |
|---|---|---|---|---|
| എമർജൻസി കോവിഡ് റെസ്പോൺസ് പാക്കേജ് I | 0.55 | 563.88 | 333.45 | 897.89 |
| എമർജൻസി കോവിഡ് റെസ്പോൺസ് പാക്കേജ് II | | | 162.41 | 162.41 |
| സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് | | 50.69 | 19.19 | 69.88 |
| ആശുപത്രി വികസന സമിതികൾക്കുള്ള ഫണ്ട് | | 57.36 | | 57.36 |
| ജീവനക്കാർക്കുള്ള കോവിഡ് ബ്രിഗേഡ് ഇൻസെന്റീവ് ഫണ്ട് | | 145.42 | 79.75 | 225.17 |

| | | | | |
|---|---|---|---|---|
| കോവിഡ് വാക്സിനേഷൻ | | 5.34 | 3.51 | 8.85 |
| ആകെ തുക | 0.55 | 822.69 | 598.31 | 1421.56 |

**കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|---|
| 1 | 2019-20 | 75,00,00,000/- |
| 2 | 2020-21 | 3,93,46,00,000/- |
| 3 | 2021-22 | 4,78,68,00,000/- |

**ആയുഷ് വകുപ്പ്**

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ സപ്ലൈ ഓഫ് എസൻഷ്യൽ ഡ്രഗ്സ് അപ്ഗ്രഡേഷൻ ഓഫ് ആയുഷ് ഹോസ്പിറ്റൽസ് & ഡിസ്പെൻസറീസ് (കണ്ടിജൻസി) എന്നീ ശീർഷകങ്ങളിൽ നാഷണൽ ആയുഷ് മിഷന്റെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാൻ മുഖേന ലഭ്യമായ തുകയിൽ നിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മരുന്നുകൾ വാങ്ങുന്നതിനും കണ്ടിജൻസി ഇനത്തിലുമായി ആയുർവേദ ഹോമിയോപ്പതി വകുപ്പുകൾക്ക് 2020-21 വർഷത്തിൽ 1,58,00,000/-രൂപയും 2021-22 വർഷത്തിൽ 9,87,47,940/- രൂപയും നൽകിയിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2020-21 ൽ 11,18,121/- രൂപയും 2021-22 ൽ 1,68,340/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

**ഭാരതീയ ചികിത്സാ വകുപ്പ്**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഭാരതീയ ചികിത്സാ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള ഭേഷജം, അമൃതം, സ്വാസ്ഥ്യം, സുഖായുഷ്യം, പുനർജനി, കിരണം എന്നീ പദ്ധതികളുടെ നടത്തിപ്പിനായി നോൺ പ്ലാൻ, പ്ലാൻ, നാഷണൽ ആയുഷ് മിഷൻ, നാഷണൽ ഹെൽത്ത് മിഷൻ എന്നീ ശീർഷകങ്ങൾ മുഖേന 26,90,47,426/- രൂപ വിനിയോഗിച്ച് ഔഷധങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ചെലവഴിച്ച തുക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ശീർഷകം | ചെലവഴിച്ച തുക |
|---|---|---|
| 2019-20 | 2210-02-101-66- പ്ലാൻ | 2,33,19,226/- |
| 2020-21 | നാഷണൽ ഹെൽത്ത് മിഷൻ | 5,00,00,000/- |
| | നാഷണൽ ആയുഷ് മിഷൻ | 1,75,00,000/- |
| 2021-22 | 2210-02-101-66-പ്ലാൻ | 11,00,000/- |
| | 2210-02-101-97-24- എം&എസ് നോൺ പ്ലാൻ | 15,00,00,000/- |
| | നാഷണൽ ആയുഷ് മിഷൻ | 2,71,28,200/- |

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

കോവിഡുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾ വഴി 2020-21 സാമ്പത്തിക വർഷം 730,22,81,432/-രൂപയും 2021-22 സാമ്പത്തിക വർഷം 211,98,96,000/-രൂപയും 2022-23 സാമ്പത്തിക വർഷം 31.05.2022 വരെ 47,45,000/-രൂപയും ഉൾപ്പെടെ ആകെ 942,69,22,432/-രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

**ദുരന്ത നിവാരണ വകുപ്പ്**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് വിനിയോഗിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വിനിയോഗിച്ച തുക |
|---|---|
| 2019-20 | 67,43,566/- |
| 2020-21 | 217,37,77,604/- |
| 2021-22 | 196,39,78,540/- |
| 2022-23 | 27,70,13,408/- (22/03/2023 വരെ) |

കോവിഡ് എക്സ് ഗ്രേഷ്യ അനുവദിക്കുന്നതിനായി 324.50 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതിനായി എന്തെങ്കിലും കേന്ദ്ര സഹായമോ മറ്റിതര സഹായങ്ങളോ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) **ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

നാഷണൽ ഹെൽത്ത് മിഷന് ലഭിച്ച കേന്ദ്ര ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | കേന്ദ്ര ഫണ്ട് |
|---|---|
| എമർജൻസി കോവിഡ് റെസ്പോൺസ് പാക്കേജ് I | 696.99 കോടി |
| എമർജൻസി കോവിഡ് റെസ്പോൺസ് പാക്കേജ് II | 173.89 കോടി |
| കോവിഡ് വാക്സിനേഷൻ | 9.08 കോടി |
| ആകെ കേന്ദ്രം കോവിഡിനായി അനുവദിച്ചത് | 879.96 കോടി |
| മുൻവർഷത്തെ എൻ.എച്ച്.എം. നീക്കിയിരിപ്പ് കോവിഡിനായി ഉപയോഗിച്ചത് (60% കേന്ദ്ര ഫണ്ടും) | 105.62 കോടി |

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സർക്കാർ മെഡിക്കൽ കോളേജുകൾക്ക് എൻ.എച്ച്.എം മുഖേനയല്ലാതെ ലഭ്യമായ ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മെഡിക്കൽ കോളേജ് | ലഭിച്ച തുക | ഫണ്ട് |
|---|---|---|
| കൊല്ലം | 93,50,000/- | കേന്ദ്ര ഫണ്ട് |

| | | |
|---|---|---|
| | 18,00,000/-<br>30,79,949/- | SDRF ഫണ്ട്<br>ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, കൊല്ലം |
| എറണാകുളം | 72,22,043/-<br>67,94,889/-<br>20,14,600/- | എം.പി. ഫണ്ട്<br>ശ്രീ.ജോൺ ഫെർണാണ്ടസ് എം.എൽ.എ-യുടെ പ്രത്യേക ഫണ്ട്<br>ശ്രീ.മാക്സി എം.എൽ.എ. യുടെ പ്രത്യേക വികസന ഫണ്ട്. |
| കണ്ണൂർ | 75,00,000/-<br>11,77,746/- | എം.പി.ഫണ്ട്<br>ശ്രീ.ടി.വി.രാജേഷ് എം.എൽ.എ-യുടെ പ്രാദേശിക വികസന നിധി |
| കോഴിക്കോട് | 2,39,64,558/-<br>1,01,34,195/-<br>16,75,040/-<br>1,83,95,000/- | എം.പി.ഫണ്ട്<br>കെ.എസ്.ഇ.ബി<br>ബിഷപ്പ് ഹൗസ് കോഴിക്കോട്<br>കോഴിക്കോട് ജില്ലയിലെ 13 എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ട്. |
| വയനാട് | 92,29,954/-<br>7,00,000/- | കോവിഡ് പ്രതിരോധ SDRF ഫണ്ട<br>ജില്ലാ പഞ്ചായത്ത് വയനാട് |
| കോട്ടയം | 1,17,90,000/- | നിയോജക മണ്ഡല ആസ്തി വികസന നിധി |
| കോന്നി | 58,79,662/- | ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, പത്തനംതിട്ട |
| തൃശ്ശൂർ | 6,79,00,000/-<br>80,20,457/- | കേന്ദ്രഫണ്ട്<br>എം.പി.ഫണ്ട്. |

**കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്**

2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായമായി 252,34,00,000/-രൂപ കോർപ്പറേഷനു ലഭിച്ചിട്ടുണ്ട്.

**ആയുഷ് വകുപ്പ്**

**ഭാരതീയ ചികിത്സാ വകുപ്പ്**

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാർ മുഖേന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചുവടെ പറയുന്ന തുകകൾ ലഭിച്ചിട്ടുണ്ട്.<br><br>1. നാഷണൽ ആയുഷ് മിഷൻ- 4,46,28,200/-<br><br>2.നാഷണൽ ഹെൽത്ത് മിഷൻ- 5,00,00,000/-<br><br>**ഹോമിയോപ്പതി വകുപ്പ്**<br><br>കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാഷണൽ ആയുഷ് മിഷനിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ 1,28,00,000/-രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 2,03,00,000/-രൂപയും അനുവദിച്ചിട്ടുണ്ട്. ടി ഫണ്ടുകൾ നാഷണൽ ആയുഷ് മിഷൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നേരിട്ട് വിതരണം നടത്തിയിട്ടുണ്ട്.<br><br>**ദുരന്ത നിവാരണ വകുപ്പ്**<br><br>സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയ തുകയുടെ 50%, 01.04.2020-ലെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ opening balance -ന്റെ 10% വും കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് വിനിയോഗിക്കുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കോവിഡ് എക്സ് ഗ്രേഷ്യയായ 50,000/-രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നാണ് അനുവദിക്കുന്നത്. 75% കേന്ദ്ര വിഹിതവും, 25% സംസ്ഥാന വിഹിതവും ചേർത്താണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ തുക വകയിരുത്തിയിട്ടുള്ളത്. |
| (സി) | നിലവിൽ രോഗബാധ കൂടുന്നത് മനസ്സിലാക്കി കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്താനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | **ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**<br><br>2022 ജനുവരി മുതൽ കോവിഡ് പരിശോധന സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. രോഗലക്ഷണങ്ങൾ ഉള്ളവരെയും രോഗം സങ്കീർണ്ണമാകാൻ സാധ്യതയുള്ളവരെയും പ്രാഥമിക സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ടവരെയും പരിശോധിക്കുകയും രോഗം സ്ഥിരീകരിച്ചിട്ടുള്ളവരിൽ പറയത്തക്ക രോഗലക്ഷണം ഇല്ലാത്തവരെയും ചെറിയ തോതിൽ ലക്ഷണങ്ങൾ ഉള്ളവരെയും വീടുകളിൽ തന്നെ നിരീക്ഷിച്ച് ചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും തീവ്ര ലക്ഷണങ്ങൾ ഉള്ളവർക്കും പ്രതിരോധശേഷി കുറഞ്ഞവർക്കും മറ്റ് ദീർഘകാല ജീവിതശൈലി രോഗങ്ങൾ ഉള്ളവർക്കും സ്ഥാപനതല ചികിത്സ ഉറപ്പുവരുത്തുകയും ചെയ്തു. കൂടാതെ, വാർഡ് തല ദ്രുതകർമ്മ സേന ഗൃഹ സന്ദർശനം നടത്തി വീടുകളിൽ ചികിത്സയിലുള്ളവർക്ക് ആവശ്യമായ മരുന്നുകളും മറ്റ് സഹായങ്ങളും നൽകുകയും ചെയ്യുന്നു. മാനസികാരോഗ്യ പിന്തുണയ്ക്ക് വേണ്ടി കൗൺസിലിംഗും സംശയ നിവാരണത്തിനായി ദിശയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.<br><br>ഗൃഹ നിരീക്ഷണത്തിലിരിക്കുന്നവരിൽ അപായ സൂചനകൾ കാണുന്ന പക്ഷം DPMSU വഴി ചികിത്സാ കേന്ദ്രങ്ങളിൽ എത്തിച്ച് ആവശ്യമായ വിദഗ്ധ ചികിത്സ ഉറപ്പു വരുത്തുന്നുണ്ട്. ക്യാൻസർ, വൃക്ക രോഗം, അവയവ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ തുടങ്ങിയ പ്രതിരോധ ശേഷി കുറഞ്ഞ രോഗികൾക്ക് ചികിത്സയുടെ ഭാഗമായി മോണോക്ലോണൽ ആന്റിബോഡി ലഭ്യമാക്കുകയും ചെയ്യുന്നു.<br><br>12 മുതൽ 15 വരെ പ്രായമുള്ള കുട്ടികളും 16 മുതൽ 18 വരെ പ്രായമുള്ള കുട്ടികളും ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും വാക്സിൻ നൽകി വരുന്നു. |

സ്കൂളുകളിൽ വാക്സിൻ നൽകുന്നതിനും 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള മുന്നണി പോരാളികൾക്കും മൂന്നാം ഡോസ് വാക്സിൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 18-59 വയസ്സ് പ്രായമുള്ളവരിൽ 2-ാം ഡോസ് വാക്സിൻ ലഭിച്ച് 9 മാസം കഴിഞ്ഞവർക്ക് മുൻകരുതൽ ഡോസ് വാക്സിൻ സ്വകാര്യ കോവിഡ് വാക്സിനേഷൻ സെന്ററുകൾ വഴി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു. സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും പരിശീലന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഡോക്ടർമാർക്ക് ചികിത്സാ മാർഗ്ഗങ്ങൾ സംബന്ധിച്ച പരിശീലനവും ആരോഗ്യ സ്ഥാപനങ്ങളിൽ ആരോഗ്യ പ്രവർത്തകർക്ക് അണുനശീകരണ പ്രവർത്തനങ്ങളും അത് സംബന്ധിച്ച പരിശീലനങ്ങളും നൽകുകയുണ്ടായി. കൂടാതെ എല്ലാ പൊതു സ്ഥലങ്ങളിലും ഒത്തു ചേരലുകളിലും ജോലി സ്ഥലങ്ങളിലും മാസ്ക് നിർബന്ധമായും ധരിക്കണമെന്നും കോവിഡ് ഉചിത പെരുമാറ്റം പാലിക്കണമെന്നും ദുരന്ത നിവാരണ വകുപ്പിൽ നിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജുകളിൽ കോവിഡ് രോഗം സ്ഥിരീകരിക്കുന്നവർക്ക് ഐ.പി.കെയർ, ഐ.സി.യു കെയർ, വെന്റിലേറ്റർ കെയർ, ഓക്സിജൻ ബെഡ് മുതലായ ചികിത്സാ സൗകര്യങ്ങൾ രോഗാവസ്ഥയ്ക്കനുസരിച്ച് നൽകി വരുന്നു. എല്ലാ വിഭാഗം ജീവനക്കാർക്കും മെഡിക്കൽ വിദ്യാർത്ഥികൾക്കും കോവിഡ് പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ നിന്നും റഫർ ചെയ്യുന്ന രോഗികൾക്ക് വേണ്ട ചികിത്സ ലഭ്യമാക്കുന്നുണ്ട്.

**<u>ആയുഷ് വകുപ്പ്</u>**

ഭാരതീയ ചികിത്സാ വകുപ്പ്

കോവിഡ് പ്രതിരോധ ചികിത്സകൾ ഊർജ്ജിതപ്പെടുത്തുന്നതിനായി ഔഷധങ്ങൾ ലഭ്യമാക്കുകയും ജീവനക്കാരുടെ സേവനം ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. രോഗ ബാധ കൂടുന്നതനുസരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുന്നതിനായും, മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനായും എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കോവിഡ് മഹാമാരി തടയുന്നതിന്റെ ഭാഗമായി ആയുർവേദ പ്രതിരോധ മാർഗ്ഗങ്ങൾ, വാക്സിനേഷൻ, കൃത്യമായ വ്യായാമം ഇവ ഉൾപ്പെടുത്തി SAVE ക്യാമ്പയിനുമായി ഭാരതീയ ചികിത്സാ വകുപ്പ് വളരെ കാര്യക്ഷമമായി തന്നെ എല്ലാ ജില്ലകളിലും പ്രവർത്തനം നടത്തിയിട്ടുണ്ട്. കാറ്റഗറി എ കോവിഡ് രോഗികളുടെ ചികിത്സ പദ്ധതിയായ ഭേഷജം വഴി ഹോം ഐസൊലേഷനിലും CFLTC കളിലും ഉണ്ടായിരുന്ന കോവിഡ് രോഗികൾക്ക് ഔഷധങ്ങൾ നൽകിയിട്ടുണ്ട്.

കോവിഡ് പ്രതിരോധത്തിനായി ഗവേഷണ രീതിയിലുള്ള സ്വാസ്ഥ്യം സുഖായുഷ്യം, അമൃതം, പുനർജനി, ഭേഷജം, കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള കിരണം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. രോഗ പ്രതിരോധശേഷി കൂട്ടുന്ന സ്വാസ്ഥ്യം, സുഖായുഷ്യം പദ്ധതികൾ വഴി 60 വയസ്സിന് താഴെയുള്ളവർക്കും 60 വയസ്സിന് മുകളിലും രോഗപ്രതിരോധ ഔഷധങ്ങൾ

| | | | |
|---|---|---|---|
| | | | നൽകുന്നു. പുനർജനി എന്ന പദ്ധതി വഴി കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾക്കുള്ള ആയുർവേദ ചികിത്സ എല്ലാ ജില്ലകളിലേയും തെരെഞ്ഞെടുത്ത കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു.<br><br>ഹോമിയോപ്പതി വകുപ്പ് രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഹോമിയോ ഇമ്മ്യൂൺ ബൂസ്റ്റർ മരുന്ന് വിതരണം നടത്തുകയും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും ചെയ്തുവരുന്നു. |
| (ഡി) | കോവിഡ് മൂലം മരണപ്പെട്ട നിർദ്ധന കുടുംബങ്ങൾക്ക് നിലവിൽ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) | **ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**<br><br>കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ കൊടുക്കുന്നു.<br><br>**കേന്ദ്ര സർക്കാർ ആനുകൂല്യങ്ങൾ**<br><br>1. ബഹു.സുപ്രീം കോടതിയുടെയും കേന്ദ്ര ആരോഗ്യ മന്ത്രായലയത്തിന്റെയും മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 50,000/-രൂപ (അമ്പതിനായിരം രൂപ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കോവിഡ് എക്സ് ഗ്രേഷ്യ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br><br>2. കോവിഡ് ബാധിച്ച് മരണപ്പെടുന്ന ആരോഗ്യ പ്രവർത്തകർക്ക് പ്രധാൻ മന്ത്രി ഗരീബ് കല്യാൺ പാക്കേജ് (PMGKP) എന്ന ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ട്.<br><br>3. കേന്ദ്ര സർക്കാരിന്റെ പി.എം. കെയർസ് പദ്ധതിയിലൂടെ കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ടു പേരും മരണപ്പെട്ട 18 വയസ്സ വരെയുള്ള കുട്ടികൾക്ക് 10 ലക്ഷം രൂപ 23 വയസ്സാകുമ്പോൾ ലഭിക്കുന്ന വിധത്തിൽ പോസ്റ്റോഫീസ് അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. കൂടാതെ CPS ( Child Protection Services) സ്കീമിലൂടെ 2,000/- രൂപ വീതം ടി കുട്ടികൾക്ക് 18 വയസ്സുവരെ വ്യക്തിഗത അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസ സഹായം, ബോർഡിംഗ് താമസ സൗകര്യങ്ങൾ, ആരോഗ്യ ഇൻഷ്വറൻസ് എന്നിവ കൂടി ആവശ്യ ഘട്ടങ്ങളിൽ അനുവദിക്കുന്നുണ്ട്.<br><br>**സംസ്ഥാന സർക്കാർ ആനുകൂല്യങ്ങൾ**<br><br>1. ബി.പി.എൽ കുടുംബങ്ങളിലെ വ്യക്തികളുടെ ആശ്രിതർക്ക് പ്രതിമാസം 5000/- രൂപ (അയ്യായിരം രൂപ) വീതം 36 മാസത്തേയ്ക്ക് നൽകി വരുന്നു.<br><br>2. കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ടുപേരും മരണപ്പെട്ട കുട്ടികൾക്കും അതോടൊപ്പം നേരത്തെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡ് മൂലം മരണപ്പെടുകയും ചെയ്ത കുട്ടികൾക്കും വനിതാ ശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും 2000/-രൂപ വീതം കുട്ടിയ്ക്ക് 18 വയസ്സ് ആകുന്നതുവരെ കുട്ടിയുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേയ്ക്ക് മാസം തോറും നിക്ഷേപിക്കുന്നു. കൂടാതെ അപ്രകാരം അനാഥരാക്കപ്പെട്ട കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപവും നൽകി വരുന്നു. കുട്ടികളുടെ ബിരുദതലം വരെയുള്ള പഠന ചെലവുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആവശ്യപ്പെടുന്ന പക്ഷം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ